മുൻമന്ത്രിമാർക്കെതിരെയുള്ള അന്വേഷണം

9 (2938) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മുൻമന്ത്രിമാർക്കെതിരെ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ ആർക്കെല്ലാം എതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) വിജിലൻസ് കോടതി ശിക്ഷ വിധിച്ചവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു മുൻ മുഖ്യമന്ത്രിയുൾപ്പെടെ അഞ്ച് മുൻമന്ത്രിമാർക്കെതിരെ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

(ബി) ഇതിൽ രണ്ടു മന്ത്രിമാർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. മറ്റ് രണ്ടു മന്ത്രിമാർക്കെതിരെയുള്ള രണ്ടു വീതം കേസുകളിൽ ഓരോന്നു വീതം അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(സി) മുൻ മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണ പിള്ളക്കെതിരായി തിരുവനന്തപുരം സ്പെഷ്യൽ ജഡ്ജി ശിക്ഷ വിധിച്ചിട്ടുണ്ട്.

ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള അന്വേഷണം

10 (2939) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥന്മാർക്കെതിരെ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണത്തിന് വിധേയരായ ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥന്മാരുടെ പേരു വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 17 ഐ.എ.എസ് (നാലു റിട്ടയർഡ് ഐ.എ.എസ് ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ) ഉം 3 ഐ.പി.എസും ഉദ്യോഗസ്ഥന്മാർക്കെതിരെ ഇപ്പോൾ വിജിലൻസ് കേസ്/അന്വേഷണം നടക്കുന്നു. അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാകയാൽ വിശദാംശം വെളിപ്പെടുത്താനാകില്ല.

ഡി.പി.സി കൂടാൻ നടപടി

11 (2940) ശ്രീ.ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഡി.പി.സി കൂടാത്തതു കാരണം പ്രൊമോഷൻ നടക്കാതെ വന്നിട്ടുണ്ടോ;

(ബി) ഡി.പി.സി കൂടുന്നതിന് താമസം വരുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly